ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.09.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). സിവിൽ വ്യോമയാന ഏഷ്യാ - പസഫിക് മന്ത്രിതല സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പങ്കെടുക്കും.

**Prime Minister Narendra Modi will attend the second Asia-Pacific Ministerial Conference on Civil Aviation today.**

2). സൗഹൃദ രാജ്യങ്ങൾ തമ്മിൽ പ്രവർത്തന സഹകരണം വർദ്ധിപ്പിക്കുകയാണ് തരംഗ് ശക്തി വ്യോമാഭ്യാസത്തിൻറെ ലക്ഷ്യമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ്.

**'Tarang Shakti' is aimed at enhancing operational coordination among Friendly Countries says Defence Minister Rajnath Singh.**

3). സംസ്ഥാനങ്ങളുടെ നികുതി വിഹിതം 50 ശതമാനമായി ഉയർത്തണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ധനമന്ത്രിമാരുടെ കോൺക്ലേവിന് തിരുവനന്തപുരത്ത് തുടക്കം.

**Chief Minister Pinarayi Vijayan says Kerala had demanded in its Memorandum that the preceding share of taxes to the States need to be raised to 50 per cent. Conclave of Finance Ministers began at Thiruvananthapuram.**

4). ബംഗ്ലാദേശിൽ ഭരണഘടന ഉൾപ്പെടെ 6 സുപ്രധാന മേഖലകളിൽ സമഗ്ര മാറ്റത്തിനായ് കമ്മീഷനുകളെ പ്രഖ്യാപിച്ച് ഇടക്കാല സർക്കാർ.

**In Bangladesh, the interim government announced to form six commissions to bring reform in six major sectors including constitution.**

5). **ജമ്മു കശ്മീരിൽ മൂന്നാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദേശ പത്രിക സമർപ്പണം ഇന്ന് അവസാനിക്കും.**

**The filing of nominations for third phase of Assembly elections in Jammu and Kashmir will end today.**

*****************************************************

## PM – ASIA PACIFIC CONFERENCE

സിവിൽ വ്യോമയാനം സംബന്ധിച്ച രണ്ടാമത്തെ ഏഷ്യാ-പസഫിക് മന്ത്രിതല സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പങ്കെടുക്കും. എല്ലാ അംഗരാജ്യങ്ങളും "ഡൽഹി പ്രഖ്യാപനം" അംഗീകരിച്ചതായി ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന ചടങ്ങിൽ പ്രധാനമന്ത്രി പ്രഖ്യാപിക്കും. വ്യോമയാന രംഗത്തെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പുതിയ ഉയരങ്ങളിൽ എത്തിക്കുന്നതിനുള്ള ദീർഘവീക്ഷണത്തോടെയുള്ള മാർഗരേഖയാണ് ഡൽഹി പ്രഖ്യാപനം. ന്യൂഡൽഹിയിൽ നടക്കുന്ന സമ്മേളനം സിവിൽ വ്യോമയാന മന്ത്രി റാംമോഹൻ നായിഡു ഇന്നലെ ഉദ്ഘാടനം ചെയ്തു.

*****************************************************

## JAISHANKAR – SWITZERLAND

രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി വിദേശകാര്യമന്ത്രി എസ് ജയ് ശങ്കർ ഇന്ന് സ്വിറ്റ്സർലൻഡിലെത്തും. ഇന്ത്യയുമായി സജീവമായി ഇടപെടുന്ന അന്താരാഷ്ട്ര സംഘടനകളുടെ മേധാവികളുമായും പ്രതിനിധികളുമായും ജനീവയിൽ അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഉഭയകക്ഷി ബന്ധം അവലോകനം ചെയ്യുന്നതിന് അദ്ദേഹം സ്വിസ് വിദേശകാര്യ മന്ത്രിയുമായും ചർച്ച നടത്തും. സൗദി അറേബ്യ, ജർമ്മനി എന്നീ രാജ്യങ്ങൾ സന്ദർശിച്ച ശേഷമാണ് ശ്രീ.ജയ് ശങ്കർ

സ്വിറ്റസർലണ്ടിൽ എത്തുന്നത്. ത്രിരാഷ്ട്ര സന്ദർശനത്തിൻ്റെ മൂന്നാമത്തെതും അവസാനത്തെയും ഘട്ടമാണിത്. ഇന്നലെ ജർമൻ ചാൻസലർ ഒലാഫ് ഷോൾസുമായി ചർച്ച നടത്തിയ ശ്രീ എസ് ജയ് ശങ്കർ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആശംസയും അറിയിച്ചു.

*********************************************

## CABINET PM JAN

ആയുഷ്മാൻ ഭാരത് പി എം ജൻ ആരോഗ്യ യോജനയ്ക്ക് കീഴിൽ 70 വയസിന് മേൽ പ്രായമുള്ള എല്ലാവർക്കും ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം. ഗുണഭോക്താക്കളുടെ വരുമാനം പരിഗണിക്കാതെയാണിത്. അഞ്ച് ലക്ഷം രൂപയുടെ സൗജന്യ ചികിത്സയാണ് മുതിർന്ന പൗരൻമാർക്ക് ഇതുവഴി ലഭിക്കുന്നത്. ഇതിലൂടെ ആറ് കോടി മുതിർന്ന പൗരന്മാർക്ക് ഗുണമുണ്ടാകും. രാജ്യത്തെ 4.5 കോടി കുടുംബങ്ങൾക്ക് ഇതിന്റെ ഗുണം ലഭിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവ് ഡൽഹിയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. അർഹരായവർക്ക് ആയുഷ്മാൻ ഭാരത് പി എം ജൻ ആരോഗ്യ യോജനയുടെ പുതിയ കാർഡ് ലഭിക്കും.

*********************************************

## CABINET– MISSION MAUSAM

കാലാവസ്ഥാ വ്യതിയാനം കുറയ്ക്കുന്നതിനുള്ള മിഷൻ മോസം പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി.
2,000 കോടി രൂപയാണ് അടുത്ത രണ്ടു വർഷത്തേക്ക് ഇതിനായി നീക്കിവച്ചിട്ടുള്ളത്. ഭൗമശാസ്ത്ര മന്ത്രാലയം നടപ്പാക്കുന്ന മിഷൻ മോസം പദ്ധതി രാജ്യത്തെ കാലാവസ്ഥയുമായി ബന്ധപ്പെട്ട ഗവേഷണം ശക്തമാക്കുകയും മികച്ച സേവനം പ്രാപ്യമാക്കുകയും ചെയ്യുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ

പറഞ്ഞു. കാർഷികം, ദുരന്ത പ്രതികരണം, പ്രതിരോധം, പരിസ്ഥിതി, വ്യോമയാനം, ജലവിഭവം, ഊർജം, ടൂറിസം, ഷിപ്പിങ്, ഗതാഗതം ആരോഗ്യം തുടങ്ങി വിവിധ മേഖലകളിൽ പദ്ധതി പ്രയോജനപ്പെടും.

**********************************************

## TARANG SHAKTI -(INTRO)

സൗഹൃദ രാജ്യങ്ങൾ തമ്മിൽ പ്രവർത്തന സഹകരണം വർദ്ധിപ്പിക്കുകയാണ് തരംഗ് ശക്തി വ്യോമാഭ്യാസത്തിൻറെ ലക്ഷ്യമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്. രാജസ്ഥാനിലെ ജോധ്പൂരിൽ ഇന്ത്യ പ്രതിരോധ വ്യോമയാന പ്രദർശനം ഐഡാക്സ് -24 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(HOLD VOICE......)

പ്രതിരോധ മേഖലയിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യത്തിലേക്ക് രാജ്യം മുന്നേറുകയാണെന്നും ശ്രീ രാജ്നാഥ് സിങ് പറഞ്ഞു. ബഹുരാഷ്ട്ര വ്യോമാഭ്യാസം തരംഗ് ശക്തി, ജോധ്പൂരിൽ സംഘടിപ്പിക്കുന്നതിൻറെ ഭാഗമായാണ് ഐഡാക്സ്-24 ഉം സംഘടിപ്പിക്കുന്നത്. ഇന്ന് മുതൽ 14-ാം തീയതി വരെയാണ് പ്രദർശനം.

**********************************************

## J K - NOMINATIONS

ജമ്മു കശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പിൻ്റെ മൂന്നാമത്തെയും അവസാനത്തെയും ഘട്ടത്തിനായുള്ള നാമനിർദേശ പത്രിക സമർപ്പണം ഇന്ന് അവസാനിക്കും. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന നാളെ നടക്കും . സ്ഥാനാർത്ഥി പത്രിക പിൻവലിക്കാനുള്ള അവസാന തീയതിഈ

മാസം 17 ആണ്. 40 നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള മൂന്നാം ഘട്ട വോട്ടെടുപ്പ് ഒക്ടോബർ ഒന്നിന് നടക്കും. ഒന്ന് രണ്ട് ഘട്ടങ്ങൾ സെപ്റ്റംബർ 18, 25 തീയതികളിലും നടക്കും.

*********************************************

**AAP- HARYANA 6TH LIST**

ഹരിയാന നിയമസഭാ തെരഞ്ഞെടുപ്പിനുള്ള ആം ആദ്മി പാർട്ടിയുടെ ആറാം സ്ഥാനാർത്ഥി പട്ടിക പുറത്തിറക്കി. 19 സ്ഥാനാർത്ഥികളാണ് പട്ടികയിലുള്ളത്. നാമനിർദ്ദേശ പത്രികാ സമർപ്പണം ഇന്ന് അവസാനിക്കും. നാളെയാണ് സൂക്ഷ്മ പരിശോധന. 90 അംഗ നിയമസഭയിലേക്ക് ഒക്ടോബർ അഞ്ചിനാണ് വോട്ടെടുപ്പ്. അടുത്തമാസം 8 നാണ് വോട്ടെണ്ണൽ.

*********************************************

**ബ്രേക്ക്.....**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

*********************************************

**KERALA CM - (INTRO)**

പതിനഞ്ചാം ധനകാര്യ കമ്മീഷന് നൽകിയ നിവേദനത്തിൽ സംസ്ഥാനങ്ങളുടെ നികുതി വിഹിതം 50 ശതമാനമായി ഉയർത്തണമെന്ന് ആവശ്യപ്പെട്ടതായി മുഖ്യമന്ത്രി പിണറായി വിജയൻ. പതിനാറാം ധനകാര്യ കമ്മീഷനുമായി ബന്ധപ്പെട്ട നിലപാടുകൾ തീരുമാനിക്കുന്നതിനായി ചേർന്ന ധനമന്ത്രിമാരുടെ കോൺക്ലേവ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേന്ദ്രം പിരിച്ചെടുക്കുന്ന നികുതിയിൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ വിഹിതം നൽകണമെന്ന

ആവശ്യത്തിന് പ്രസക്തിയുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. (വോയിസ്......................... )

ധനമന്ത്രി കെ.എൻ.ബാലഗോപാലിനൊപ്പം തെലങ്കാന, കർണാടക, പഞ്ചാബ്, തമിഴ്നാട് സംസ്ഥാനങ്ങളിലെ ധനമന്ത്രിമാർ കോൺക്ലേവിൽ പങ്കെടുക്കുന്നുണ്ട്.

*******************************************************

## ROSHY AUGUSTINE – WATER

കുടിവെള്ള പൈപ്പ് ലൈനിലെ ജോലിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരത്തിൽ ദിവസങ്ങളോളം കുടിവെള്ളം മുടങ്ങിയ പശ്ചാത്തലത്തിൽ പ്രശ്നത്തിന് ശാശ്വതപരിഹാരം കണ്ടെത്താൻ ജല വിഭവ മന്ത്രി മന്ത്രി റോഷി അഗസ്റ്റിൻറെ നേതൃത്വത്തിൽ ഇന്ന് ഉന്നതതലയോഗം നടക്കുന്നു.

ജോയിൻറ് എം.ഡി, ടെക്നിക്കൽ മെമ്പർ, ചീഫ് എൻജിനിയർമാർ ഉൾപ്പെടെ പങ്കെടുക്കുന്ന യോഗത്തിൽ വീഴ്ച ആവർത്തിക്കാതിരിക്കാനുള്ള പൊതുമാനദണ്ഡം തയാറാക്കുന്നതിനുള്ള പ്രാഥമിക അവലോകനം നടത്തും.

*******************************************************

## KERALA CM – PATTAYAMELA

സംസ്ഥാനതല പട്ടയ മേള വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കളമശ്ശേരിയിൽ ഉദ്ഘാടനം ചെയ്യും. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യത്തോടെയാണ് പട്ടയമേള സംഘടിപ്പിക്കുന്നത്.

ചടങ്ങിൽ മന്ത്രിമാരായ K രാജൻ, P രാജീവ്, പ്രതിപക്ഷ നേതാവ് V. D സതീശൻ തുടങ്ങിയവർ പങ്കെടുക്കും.

*******************************************************

## GANESHOLSAVAM

തിരുവനന്തപുരത്ത് ഗണേശോത്സവ ട്രസ്റ്റിൻറെയും ശിവസേനയുടെയും നേതൃത്വത്തിലുള്ള ഗണോശോത്സവ സമാപനഘോഷയാത്ര ഇന്ന്. വൈകിട്ട് 4- ന് നഗരത്തിലെ പഴവങ്ങാടിയിൽ നടക്കുന്ന സാംസ്കാരിക സമ്മേളനത്തിന് ശേഷം ശംഖുംമുഖത്തേക്കുള്ള നിമജ്ജന ഘോഷയാത്ര ആരംഭിക്കും. ഘോഷയാത്രയോടനുബന്ധിച്ച് ഉച്ചയ്ക്ക് രണ്ട് മണി മുതൽ രാത്രി 9 മണി വരെ നഗരത്തിൽ ഗതാഗത നിയന്ത്രണമുണ്ടാകും.

*************************************************

## Bangladesh reform

ബംഗ്ലാദേശിൽ ഭരണഘടന, ജുഡീഷ്യറി, പോലീസ് ഉൾപ്പെടെ ആറ് പ്രധാന മേഖലകളിൽ പരിഷ്കാരം കൊണ്ടുവരാൻ കമ്മീഷനുകളെ നിയമിക്കാൻ ഇടക്കാല സർക്കാരിൻറെ തീരുമാനം. കമ്മീഷനുകളെ നയിക്കാൻ ആറ് പ്രഗത്ഭരായ വ്യക്തികളെ നിയമിച്ചതായും ബംഗ്ലാദേശ് ഇടക്കാല സർക്കാരിൻറെ മുഖ്യ ഉപദേഷ്ടാവ് മുഹമ്മദ് യൂനുസ് പറഞ്ഞു. അടുത്ത മാസം ഒന്നുമുതൽ കമ്മീഷൻ പ്രവർത്തനം ആരംഭിക്കും.

*************************************************

## GOLD + SENSEX

രാജ്യത്തെ ഓഹരി വിപണികളിൽ വ്യാപാരം നേട്ടത്തിൽ പുരോഗമിക്കുന്നു. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 167 പോയിൻറ് നേട്ടത്തിൽ 81,609- ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 68 പോയിൻറ് നേട്ടത്തിൽ 24,987ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. പവന് 80 രൂപ കുറഞ്ഞ് 53,640 രൂപയും ഗ്രാമിന് 10 രൂപ കുറഞ്ഞ് 6,705 രൂപയുമാണ് ഇന്നത്തെ വില.

*************************************************

## AIR ONAM

ഓണത്തോടനുബന്ധിച്ച് ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ആഘോഷപരിപാടികൾ സംഘടിപ്പിച്ചു. ആകാശവാണി തിരുവനന്തപുരം നിലയം മേധാവി കെ സുബ്രമണ്യ അയ്യർ, അസിസ്റ്റന്റ് ഡയറക്ടർ പ്രോഗ്രാം ശ്രീകുമാർ മുഖത്തല, വാർത്താ വിഭാഗം മേധാവി മയൂഷ എ എം എന്നിവർ ആശംസകൾ നേർന്നു. പ്രോഗ്രാം മേധാവി വി ശിവകുമാർ സന്നിഹിതനായിരുന്നു. തുടർന്ന് വിവിധ കലാ കായിക പരിപാടികൾ അരങ്ങേറി.

*********************************************

## REV DAY CHESS OLYMPIAD

45-ാ മത് ഫിഡെ ചെസ് ഒളിമ്പ്യാഡിന് ഹംഗറിയിലെ ബുഡാപെസ്റ്റിൽ തുടക്കമായി. ആദ്യ ദിനം ഇന്ത്യ മൊറോക്കൊയെ 4-0 ത്തിന് തോൽപ്പിച്ചു. വനിതാവിഭാഗത്തിൽ ഇന്ത്യ ജമൈക്കയെയും പരാജയപ്പെടുത്തി. ആർ പ്രഗ്നാനന്ദ , വിദിത് ഗുജറാത്തി, പെൻറാല ഹരികൃഷ്ണ, അർജുൻ എറിഗസി എന്നിവരാണ് ഇന്ത്യയ്ക്ക് വേണ്ടി ജയം നേടിയത്. വനിതാ വിഭാഗത്തിൽ വൈശാലി, താനിയ സച്ദേവ്, ദിവ്യ ദേശ്മുഖ് എന്നിവർ ജയിച്ചപ്പോൾ വന്തിക അഗർവാൾ സമനില വഴങ്ങി. 1800-ലധികം കളിക്കാർ പങ്കെടുക്കുന്ന കായിക മാമാങ്കം 12 ദിവസം നീണ്ടുനിൽക്കും . ഓപ്പൺ വിഭാഗത്തിൽ 193 ടീമുകളും വനിതാ വിഭാഗത്തിൽ 181 ടീമുകളും മത്സരിക്കുന്നു.

*********************************************

*********************************************

*********************************************